Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

24.03.2026

# ജൂബിലിയിൽ ന്യൂറോളജി സെന്റർ ഓഫ് എക്സലൻസ് ഉദ്ഘാടനം ചെയ്തു.

പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂറോ സയൻസസ് സി.ബി.സി.ഐ. പ്രസിഡണ്ട് കർദിനാൾ അന്തോണി പൂല ഉദ്ഘാടനം ചെയ്തു. ആരോഗ്യസേവന രംഗത്ത് സമഗ്രവും മനുഷ്യകേന്ദ്രീകൃതവുമായ ഇടപെടലുകളുടെ പ്രാധാന്യം അദ്ദേഹം എടുത്തു പറഞ്ഞു. ന്യൂറോ സയൻസസ് മേഖലയിലെ അത്യാധുനിക ചികിത്സയും ഗവേഷണ സൗകര്യങ്ങളും സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കുന്നതിനുള്ള ജൂബിലി മിഷന്റെ ശ്രമങ്ങളെ അദ്ദേഹം അഭിനന്ദിച്ചു. സാങ്കേതിക മികവും കരുണാപൂർണമായ സേവന മനോഭാവവും കൈകോർക്കുമ്പോഴാണ് ആരോഗ്യ സ്ഥാപനങ്ങൾ സമൂഹത്തിന് കൂടുതൽ പ്രയോജനകരമാകുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ചൂണ്ടിക്കാട്ടി. ന്യൂറോളജി, ന്യൂറോസർജറി, ക്രിറ്റിക്കൽ കെയർ, ഫിസിക്കൽ മെഡിസിൻ മേഖലകളിൽ സമഗ്ര ചികിത്സയും അത്യാധുനിക പരിശോധന-ഗവേഷണ സൗകര്യങ്ങളും ഒരൊറ്റ കുടക്കീഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന ഈ കേന്ദ്രം രോഗികൾക്ക് മികച്ച ചികിത്സാ പരിചരണം ഉറപ്പാക്കുന്നതിൽ നിർണായക പങ്ക് വഹിക്കുമെന്ന് ചടങ്ങിൽ സ്വാഗതം ആശംസിച്ച ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ വ്യക്തമാക്കി. ന്യൂറോളജി വിഭാഗം മേധാവി ഡോ. ഫിജു ചാക്കോ, ന്യൂറോ സർജറി വിഭാഗം മേധാവി ഡോ. എൻ.ഐ. കുരിയൻ എന്നിവർ സെന്റർ ഫോർ എക്സലൻസ് എന്ന ആശയം അവതരിപ്പിച്ചു. പ്ലാറ്റിനം ജൂബിലി വർഷത്തിൽ ജൂബിലി മിഷൻ ആശുപത്രിയിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന പത്ത് മികവിന്റെ കേന്ദ്രങ്ങളിൽ ആദ്യത്തേതാണ് ന്യൂറോ സയൻസസ്. മെഡിക്കൽ രംഗത്തെ പ്രമുഖരും സാമൂഹിക-മത നേതാക്കളും അധ്യാപകരും വിദ്യാർത്ഥികളും ഉൾപ്പെടെ നിരവധി പേർ ചടങ്ങിൽ പങ്കെടുത്തു. ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ അധ്യക്ഷനായ കർദിനാളിന് മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ ഉപഹാരം സമർപ്പിച്ചു. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ നന്ദി പ്രകടിപ്പിച്ചു. പ്ലാറ്റിനം ജൂബിലി സമിതിയുടെ വർക്കിങ് ചെയർമാൻ ഫാ. ടെറിൻ മുള്ളക്കര ഓർഗനൈസിങ് സെക്രട്ടറി ഡോ. പി. ആർ. വർഗ്ഗീസ്, പ്രിൻസിപ്പൽ ഡോ. എം. എ. ആൻഡ്രൂസ്, ഡോ. പി.സി. ഗിൽവാസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.